നമ്പർ: 365/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ദേവലോകം അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന ഭാഗ്യസ്മരണാർഹരായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ, പ. ബസേലിയോസ് ഔഗേൻ പ്രഥമൻ, പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്നീ കാതോലിക്കാ ബാവാമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ ജനുവരി 2, 3 തീയതികളിൽ ദേവലോകം പെരുന്നാളായി ആചരിക്കുന്ന പതിവാണല്ലോ നമുക്കുള്ളത്. പൗരസ്ത്യ കാതോലിക്കേറ്റിന് വേണ്ടി ജീവിതം സമർപ്പിച്ചവരും പ. സഭയ്ക്കുവേണ്ടി സഹനങ്ങൾ ഏറ്റവരും തങ്ങളുടെ ആത്മീയ ജീവിതത്താൽ നമ്മുടെ സഭാ ജീവിതത്തെ പരിപോഷിപ്പിച്ചവരുമായ ഈ പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ സമുചിതമായി ആചരിക്കേണ്ടത് സഭാമക്കൾ ഓരോരുത്തരുടെയും കടമയാണെന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. മലങ്കരയുടെ ഭാഗ്യവാനായ മൂന്നാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ 56-ാം ഓർമ്മപ്പെരുന്നാളാണ് നാം ആചരിക്കുവാൻ ഒരുങ്ങുന്നത്. പ. പിതാവിന്റെ കാതോലിക്കാ സ്ഥാനാരോഹണനവതി വിവിധ പരിപാടികളോടെ കഴിഞ്ഞ ഒരു വർഷമായി സഭയിൽ ആചരിച്ചുവരികയായാണല്ലോ. കുണ്ടറ സെമിനാരിയിൽ വച്ച് നവതി ആചരണ ഉത്ഘാടനം സഭാ തലത്തിൽ നടത്തപ്പെട്ടു. അർഹരായ 90 പേർക്ക് വീതം ഭവനസഹായം, വിവാഹസഹായം എന്നിവയും സഭാംഗങ്ങളും അല്ലാത്തവരുമായ അനേകർക്ക് ചികിത്സാ സഹായവും നവതി പരിപാടികളുടെ ഭാഗമായി നൽകുകയുണ്ടായി. ഡോക്യുമെന്ററി മത്സരം, സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രസംഗമത്സരം മുതലായവയും നടത്തപ്പെട്ടു. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ജീവിതത്തെയും ദർശനത്തെയും കുറിച്ച് സഭാംഗങ്ങൾക്ക് ബോധ്യം നൽകുന്നതിനായി 2019 ഡിസംബർ മാസം 29-ാം തീയതി ഓരോ ഇടവകയിലും ഒരു സൺഡേസ്കൂൾ വിദ്യാർത്ഥിക്ക് ടി വിഷയത്തെക്കുറിച്ച് പ്രസംഗിക്കുവാൻ അവസരം നൽകണമെന്ന് നാം താത്പര്യപ്പെടുന്നു. നവതി ആചരണത്തിന്റെ ഔപചാരികമായ സമാപനം ഇക്കൊല്ലത്തെ ദേവലോകം പെരുന്നാളിനോടനുബന്ധിച്ച് 2020 ജനുവരി മാസം 2, 3 (വ്യാഴം, വെള്ളി) തീയതികളിൽ വിപുലമായി നടത്തുന്നതിനുള്ള ക്രമീകരണമാണ് ചെയ്തിട്ടുള്ളത്.

2-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4.00 മണിക്ക് കോട്ടയം എം. ഡി. സെമിനാരിയിലുള്ള മോറാൻ മാർ ബസേലിയോസ് നഗറിൽ വച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ

*(മറുപുറം)*

സ്ഥാനാരോഹണനവതി സമാപന സമ്മേളനം നടത്തപ്പെടുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം ബഹു. കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യും. മറ്റ് വിശിഷ്ടാതിഥികളും സഭാസ്ഥാനികളും യോഗത്തിൽ പങ്കുചേരും. ബഹു. ഗവർണർ പങ്കെടുക്കുന്ന യോഗത്തിൽ സമയ ക്ലിപ്ത തയും സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കേണ്ടതിനാൽ പ്രോഗ്രാമിനായി എത്തുന്ന ഏവരും 3.30 മണിക്ക് മുമ്പായി നിർദ്ദിഷ്ട ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരാകേണ്ടതാണ്. എല്ലാ പള്ളികളിൽ നിന്നും പള്ളിച്ചെലവിൽ വാഹനങ്ങൾ ക്രമീകരിച്ച് വികാരിമാരുടെ ഉത്തരവാദിത്വത്തിൽ പരമാവധി വിശ്വാസികളെ യോഗത്തിൽ പങ്കെ ടുപ്പിക്കുവാനുള്ള ക്രമീകരണങ്ങൾ നിർബന്ധമായും നിർവ്വഹിക്കണം. ഈ സമ്മേളനം വിജയകരമാകുന്നതി നായി എല്ലാ വൈദികരും വിശ്വാസികളും തങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി യോഗം അനുഗ്രഹകരമാക്കി ത്തീർക്കണമെന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

യോഗത്തിന് ശേഷം മാർ ഏലിയാ കത്തീഡ്രലിൽ സന്ധ്യാനമസ്കാരവും ദേവലോകം അരമനയിലേക്ക് ഭക്തി നിർഭരമായ പ്രദക്ഷിണവും നടത്തപ്പെടുന്നതാണ്. ജനുവരി മാസം 2-ാം തീയതി വ്യാഴാഴ്ച വൈകുന്നരം 6 മണിക്ക് ദേവലോകം അരമനയിൽ പെരുന്നാൾ സന്ധ്യാ നമസ്കാരവും അനുബന്ധ ശുശ്രൂഷകളും ഉണ്ടാ യിരിക്കുന്നതാണ്. 03-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിക്ക് നമസ്കാരവും 8 മണിക്ക് വി. കുർബ്ബാ നയും തുടർന്ന് പ്രദക്ഷിണവും കബറിങ്കൽ ധൂപപ്രാർത്ഥനയും വാഴ്വും നേർച്ചവിളമ്പും ഉണ്ടായിരിക്കും. പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും സഹോദരമെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. സ്ഥാനാ രോഹണനവതി സമാപന സമ്മേളനത്തിലും ദേവലോകം പെരുന്നാളിന്റെ എല്ലാ ശുശ്രൂഷകളിലും വിശ്വാസി കൾ ഏവരും നേർച്ചകാഴ്ചകളോടെ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താത്പര്യപ്പെടു ന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേ ലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാ രുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 ഡിസംബർ മാസം 12-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.